ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(സി) കേന്ദ്ര സർക്കാരിന്റെ ശുപാർശ പ്രകാരം, 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള സ്ഥലങ്ങളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണ സംവിധാനവും കൃത്രിമ ഭൂജല പോഷണ സംവിധാനവും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ട് 12-1-2004 മുതൽ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും വിനിയോഗവും

125 [128] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2003-2004 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ പദ്ധതിവിഹിതം എത്ര കോടി രൂപയാണ്;

(ബി) ഈ തുകയിൽ എന്തു തുകയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കാതിരിക്കാൻ കാരണം അറിയിക്കാമോ;

(ഡി) 2003-2004-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ അടങ്കൽ തുക വെട്ടിക്കുറച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2003-2004 സാമ്പത്തിക വർഷം പദ്ധതിവിഹിതമായി 1,317 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി വകയിരുത്തിയിട്ടുള്ള 1,317 കോടി രൂപയിൽ 1,119.45 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതു കൂടാതെ 335 കോടി രൂപ അധികമായി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിവിഹിതം വെട്ടിക്കുറച്ചതിന് ആനുപാതികമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിലും കുറവ് വരുത്തി.

(ഡി) ഉണ്ട്.

(ഇ) വാർഷിക പദ്ധതിയിൽ അടങ്കൽ തുകയിൽ കുറവ് വരുത്തിയതിന് ആനുപാതികമായി തുക വെട്ടിക്കുറച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly